**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3708** **15-07-2022 - ൽ മറുപടിയ്ക്ക്**

**വിശ്വകർമ്മ സമുദായ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിശ്വകർമ്മ കമ്മീഷൻ റിപ്പോർട്ട് പൂർണമായും നടപ്പാക്കാൻ നടപടി ആയിട്ടുണ്ടോ; ആയതിന് ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഡോ. പി.എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് കമ്മീഷൻ നൽകിയ 21 ശിപാർശകളിൽ 13 ശിപാർശകളിൽ തുടർ നടപടികൾ എടുക്കേണ്ടതില്ലായെന്ന് തീരുമാനിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. രണ്ട് ശിപാർശകൾ വിശ്വകർമ്മ പെൻഷനുമായി ബന്ധപ്പെട്ടുള്ളതും നടപടി എടുത്തിട്ടുള്ളതുമായ സാഹചര്യത്തിൽ തുടർ നടപടികൾ ആവശ്യമില്ലാത്തതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ബാക്കിയുള്ള 6 ശിപാർശകളിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് തൊഴിലും നൈപുണ്യവും വകുപ്പ്, സഹകരണ വകുപ്പ്, റവന്യൂ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പരമ്പരാഗത സമുദായമായ വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ച് പരമ്പരാഗത വ്യവസായങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പരമ്പരാഗത വ്യവസായങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ പരമ്പരാഗത തൊഴിൽ സമുദായങ്ങൾക്ക് ലഭ്യമാക്കുന്നതിന് കൂടുതൽ പഠനം ആവശ്യമുണ്ട്. |
| (സി) | സംവരണ തത്വങ്ങളിലെ അപാകതകൾ പരിഹരിച്ച് മെഡിക്കൽ പി.ജി. കോഴ്സുകൾക്ക് നിലവിലുള്ള സംവരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | മെഡിക്കൽ പി.ജി. കോഴ്സുകൾക്ക് 2020-21 വരെ 9% ആയിരുന്ന സംവരണം നിലവിൽ 27 ശതമാനം ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ OBH വിഭാഗങ്ങൾക്കുള്ള ഏഴ് ശതമാനം സംവരണത്തിലാണ് വിശ്വകർമ്മജർക്ക് സംവരണം ലഭിക്കുക. |
| (ഡി) | വിശ്വകർമ്മജർക്ക് ദേവസ്വം ബോർഡുകളിൽ സംവരണം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | വിശ്വകർമ്മജർക്ക് ദേവസ്വം ബോർഡുകളിലെ ഉദ്യോഗ നിയമനങ്ങളിൽ സർക്കാർ ഉദ്യോഗങ്ങൾക്ക് തുല്യമായ സംവരണം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ